

# കഥയുടെ കവചങ്ങൾ

പ്രൊഫ. ഡോ. സിസ്റ്റർ മിനിമോൾ മാത്യു

IQAC

# കഥയുടെ കവചങ്ങൾ

**KATHAYUDE KAVACHANGAL**

MALAYALAM / STUDIES

AUTHOR : Prof. Dr. Sr. Minimol Mathew

ISBN : 978 - 81 - 991412 - 0 - 9

Cover Design : Abhishek Subhash

**Copyright©2026 Tall Mount Publishing**

**All Rights Reserved**

No part of this book may be reproduced or utilized in any means, electronic or mechanical including photocopying, recording or by any information storage and retrieval system without written permission from the publishers.

TALL MOUNT PUBLISHING
climbing the peaks of storytelling

Tall Mount Publishing, a gobal platform for anyone who believes in the power of words.

www.tallmount.in

Email : tallmountpublishing@gmail.com

HSR Layout, Bangalore - 560102

KOTTAYAM
PUSHPANATH
PUBLICATIONS

www.kottayampushpanath.com

Email : kottayampushpanath@gmail.com

Ph : +91 9497358577

Thanks to all who have directly contributed to the making of this book.

## സമർപ്പണം

എഴുത്തിലും പഠനങ്ങളിലും എന്നെ കൈപിടിച്ചു നടത്തുന്ന സർവ്വേശ്വരന്റെ അനുഗ്രഹത്തെയും വായനയിലൂടെ സത്യാന്വേഷണത്തിലേക്കു പോകുന്ന എല്ലാ മനസ്സുകളെയും സ്മരിച്ചുകൊണ്ട് ....

ഓരോ കഥയും മനുഷ്യനെ മാറ്റിത്തീർക്കുന്ന ആത്മവിചാരത്തിന്റെ കവചമാണ്.

വായന മനുഷ്യനെ സ്വതന്ത്രനാക്കുന്നതാണെന്ന് കരുതുന്ന എന്റെ ഗുരുഭൂതർക്കും സഹപ്രവർത്തകർക്കും വിദ്യാർത്ഥികൾക്കും സന്യാസസഭാംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സ്നേഹിതർക്കും സുഹൃത്തുക്കൾക്കും ഈ ഗ്രന്ഥം വിനയപുരസ്സരം സമർപ്പിക്കുന്നു.

## പ്രൊഫ. ഡോ. സിസ്റ്റർ മിനിമോൾ മാത്യു

## (സിസ്റ്റർ റിയാ മാത്യു എഫ്. സി. സി)

സസ്യശാസ്ത്രത്തിൽ ബിരുദവും മലയാള സാഹിത്യത്തിൽ ബിരുദാനന്തര ബിരുദവും, യു. ജി. സി (UGC-NET), പി. എച്ച്. ഡി (PhD) യോഗ്യതകളും നേടിയിട്ടുണ്ട്. ഇപ്പോൾ പാലാ അൽഫോൻസാ കോളേജിൽ പ്രിൻസിപ്പലായി സേവനമനുഷ്ഠിക്കുന്നു. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ കുറവിലങ്ങാട് ദേവമാതാ കോളേജിലെ റിസേർച്ച് ഗൈഡ് ആണ്. രണ്ടു ഗ്രന്ഥങ്ങളുടെ കർത്താവാണ്. രണ്ടു ഗ്രന്ഥങ്ങൾ എഡിറ്റ് ചെയ്തു പ്രസിദ്ധീകരിച്ചു. ദേശീയ അന്തർദേശീയ തലത്തിലുള്ള ഒട്ടേറെ സെമിനാറുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. അമ്പതോളം ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷനിലെ ഭരണങ്ങാനം അൽഫോൻസാ ജ്യോതി പ്രോവിൻസ് അംഗമാണ്.

# കഥയുടെ കവചങ്ങൾ

പ്രൊഫ. ഡോ. സിസ്റ്റർ മിനിമോൾ മാത്യു

TALL MOUNT PUBLISHING
climbing the peaks of storytelling

# അവതാരിക

**പ്രൊഫ. ഡോ. തോമസ് സ്കറിയ**
**പ്രിൻസിപ്പൽ, സെന്റ് സേവ്യേഴ്സ് കോളേജ്, തുമ്പ**

ചെറുകഥയുടെ ഉത്ഭവം താരതമ്യേന സമീപകാലത്താണ് എന്ന് പറയാറുണ്ട്. കാല്പനികചെറുകഥാസാഹിത്യത്തെക്കുറിച്ചുള്ള തന്റെ പഠനത്തിൽ ടിം കില്ലിക്ക് (Tim Killick) നിരൂപകർക്കിടയിൽ നഥാനിയേൽ ഹാത്തോൺ, എഡ്ഗാർ അലൻ പോ എന്നിവരിൽ നിന്നും കഥയുടെ ചരിത്രത്തെ പിന്നോട്ട് വായിക്കുന്ന ഒരു പ്രവണതയുണ്ടെന്ന് കുറിക്കുന്നു. 1840 - കൾക്ക് മുമ്പുള്ള ദശകത്തെ ഒരു ആധുനിക സാഹിത്യരൂപമെന്ന നിലയിൽ ചെറുകഥയുടെ ഉദയത്തിനുള്ള ഒരുക്കമായി മാത്രം അവർ വിലയിരുത്തുന്നു. അതിന്റെ ഫലമായി, അറ്റ്ലാന്റിക്കിന്റെ ഇരുവശത്തും അരനൂറ്റാണ്ടിലേറെയായി അഭിവൃദ്ധി പ്രാപിച്ച ചെറുകഥയുടെ 'നൂതനമായ' രീതികളുടെയും ഉപവിഭാഗങ്ങളുടെയും ബഹുതലമായ നിരയെ അവഗണിക്കുന്ന ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ പക്ഷപാതം രൂപപ്പെടുന്നുവെന്ന് കില്ലിക്ക് വാദിക്കുന്നു. ആധുനിക രൂപത്തിലേക്ക് ചെറുകഥ പരിണമിക്കുന്നതിന്റെ ചരിത്രം അദ്ദേഹം രേഖപ്പെടുത്തി. പത്തൊൻപതാം നൂറ്റാണ്ടിൽ തങ്ങളുടെ ജീവിതം വിശ്വസ്തമായ കണ്ണാടികളിൽ പ്രതിഫലിച്ചു കാണാൻ ആഗ്രഹിച്ച വായനക്കാർക്ക് വേണ്ടി സാഹിത്യകാരന്മാർ സാധാരണ ജീവിതത്തെ വൈദഗ്ധ്യത്തോടെ ചെറുകഥകളിൽ അവതരിപ്പിച്ചു. പിന്നീട് സമകാലിക ചെറുകഥ അതിന്റെ സാങ്കേതിക വ്യാപ്തിയിൽ വളരെയധികം വികസിച്ചു. മലയാളത്തിലെ ചില പ്രതിഭാശാലികളായ കഥാകൃത്തുക്കളുടെ കഥാലോകത്തിലൂടെ സഞ്ചരിച്ച് ആ വികാസത്തിന്റെ കതിർക്കനം കണ്ടെത്തുന്ന പഠനങ്ങളുടെ ഒരു സമാഹാരമാണ് സിസ്റ്റർ ഡോ. മിനിമോൾ മാത്യുവിന്റെ 'കഥയുടെ കവചങ്ങൾ' എന്ന ഗ്രന്ഥം. ഒട്ടും സങ്കീർണ്ണമല്ല ഈ പഠനങ്ങൾ. അതേ സമയം സൂക്ഷ്മതയാണതിന്റെ മുഖമുദ്ര. ചരിത്രബോധത്തോടെ വായിക്കേണ്ട കഥകളെ അങ്ങനെയും സാമൂഹികബോധത്തോടെ വായിക്കേണ്ട കഥകളെ അങ്ങനെയും സമീപിക്കുന്നു. അനായാസമായി വായിച്ചു പോകാവുന്ന അത്ര ലളിതമായി കഥയുടെ അതീതമാനങ്ങളെ അവതരിപ്പിക്കുന്നു. ഒരു പ്രത്യയശാസ്ത്രത്തിന്റെയും അതിരുകളിൽ പരിമിതപ്പെടാതെ കഥകളെയും കഥാകൃത്തുക്കളെയും എങ്ങനെ സമീപിക്കാമെന്നതിന്റെ മികച്ച ദൃഷ്ടാന്തമായി ഈ ഗ്രന്ഥത്തെ പരിഗണിക്കാം.

പാരമ്പര്യവും പൈതൃകവും കെ. ആർ മീരയുടെ കഥകളുടെ ഭൂമികയായി മാറുന്നതെങ്ങനെയെന്നും കാലത്തിന്റെ മാറ്റങ്ങളെ അയ്മനം ജോൺ എങ്ങനെ അടയാളപ്പെടുത്തുന്നുവെന്നും ഗംഭീരമായി സമർത്ഥിച്ചിട്ടുണ്ട് ഡോ. മിനിമോൾ മാത്യു. കൂടാതെ സുഭാഷ് ചന്ദ്രൻ, ഇ. സന്തോഷ്കുമാർ, ഫ്രാൻസിസ് നൊറോണ, ചന്ദ്രമതി തുടങ്ങിയ കഥാകൃത്തുക്കളെയും അവർ പഠനവിധേയമാക്കുന്നുണ്ട്. കഥകളോട് സംവദിക്കുന്നതിലെ ആഴവും പരപ്പുമാണ് വായനക്കാരന്റെ ശ്രദ്ധയിൽ ആദ്യം വരുക. പുതുമയോടെ കഥയെ കാണുന്നതിലുമുണ്ട് വിവേകം. ചരിത്രവും, രാഷ്ട്രീയവും, പ്രകൃതിയും, പുരാവൃത്തവുമൊക്കെ പരിശോധിച്ചും നീതിയും സ്വാതന്ത്ര്യവുമൊക്കെ തേടിയും കഥകളിലൂടെ ഡോ. സിസ്റ്റർ മിനിമോൾ മാത്യു നടത്തുന്ന യാത്ര വായനക്കാർക്ക് വലിയ വെളിവുകൾ നൽകുമെന്നതിൽ തർക്കമില്ല. ഈ പഠനഗ്രന്ഥത്തിലൂടെ വെളിവിന്റെ വെളിച്ചത്തിലേക്കു നടക്കുവാൻ ഞാൻ വായനക്കാരെ ക്ഷണിക്കുന്നു.

# മുഖമൊഴി

### സിസ്റ്റർ മിനിമോൾ മാത്യു

ഒരു ജനതയുടെ സംസ്കാരവും ജീവിതവീക്ഷണവും ഏറ്റവും കൂടുതൽ പ്രതിഫലിക്കുന്നത് അവരുടെ സാഹിത്യത്തിലാണ്. കാലത്തിന്റെ ഒഴുക്കിൽ മനുഷ്യന്റെ ചിന്തകൾക്കും സാമൂഹിക ഘടനയ്ക്കും സംഭവിക്കുന്ന പരിണാമങ്ങൾ ചെറുകഥാസാഹിത്യത്തിൽ സൂക്ഷ്മമായി രേഖപ്പെടുത്തപ്പെടുന്നു. മലയാള ചെറുകഥാ സാഹിത്യത്തിന്റെ സമൃദ്ധമായ ലോകത്തിലൂടെയുള്ള ഒരു വിനീതമായ അന്വേഷണമാണ് 'കഥയുടെ കവചങ്ങൾ' എന്ന പഠനസമാഹാരം. മലയാള ചെറുകഥാസാഹിത്യം ആധുനികതയുടെയും ഉത്തരാധുനികതയുടെയും സങ്കീർണ്ണമായ വഴികളിലൂടെ സഞ്ചരിച്ചപ്പോൾ, ജീവിതത്തിന്റെ ആഴമേറിയ യാഥാർത്ഥ്യങ്ങളെയും മനുഷ്യബന്ധങ്ങളുടെ സങ്കീർണ്ണതകളെയും പ്രകൃതിയുടെ നിലവിളികളെയും അത് നെഞ്ചേറ്റി. ഈ പഠനഗ്രന്ഥത്തിൽ, ശ്രദ്ധേയരായ പന്ത്രണ്ടോളം കഥാകൃത്തുക്കളുടെ തെരഞ്ഞെടുത്ത കഥാസഞ്ചയങ്ങളെയാണ് വിശകലനത്തിനായി സ്വീകരിച്ചിരിക്കുന്നത്.

ഒരു പ്രത്യയശാസ്ത്രത്തിന്റെയും കവചത്തിനുള്ളിൽ ഒതുങ്ങി നിൽക്കാത്ത ഒരു കലാരൂപമാണ് ചെറുകഥ. അതുകൊണ്ടുതന്നെ, കേവലം വായനയ്ക്കപ്പുറം കഥകൾ ആവശ്യപ്പെടുന്ന ആഴത്തിലുള്ള സംവാദങ്ങളാണ് ഇവിടെ ലക്ഷ്യമിടുന്നത്. ഓരോ എഴുത്തുകാരനും തന്റെ കാലഘട്ടത്തോടും സമൂഹത്തോടും പ്രകൃതിയോടും നടത്തുന്ന സംഭാഷണങ്ങളെയും, നിലപാടുകളെ രൂപപ്പെടുത്തുന്നതിലെ അവരുടെ വ്യക്തിരിക്തമായ ശൈലിയേയും കണ്ടെത്തുവാനുള്ള ഒരു എളിയ ശ്രമം ഇതിലുണ്ട്.

ഈ പഠനത്തിൽ, അയ്മനം ജോണിനെപ്പോലുള്ളവർ സാമൂഹ്യജീവിത പരിണാമത്തിന്റെയും പരിസ്ഥിതിയുടെയും സൂക്ഷ്മമായ തലങ്ങളെ എങ്ങനെ അടയാളപ്പെടുത്തുന്നുവെന്നും, ധന്യാരാജ്, സിതാര എസ്. എന്നിവർ ചേർന്ന് പച്ചപ്പിന്റെ വീണ്ടെടുപ്പിന്റെ രാഷ്ട്രീയം തങ്ങളുടെ കഥകളിലൂടെ എങ്ങനെ സംജാതമാക്കുന്നുവെന്നും പരിശോധിക്കുന്നു. സാറാ ജോസഫ്, ചന്ദ്രമതി തുടങ്ങിയവരുടെ കഥകളിൽ പ്രകൃതിയായും ദേവിയായും ചിത്രീകരിക്കേണ്ട സ്ത്രീ കേന്ദ്രീകൃത കഥാപാത്രങ്ങൾ തമസ്കരിക്കപ്പെടുന്നതിലൂടെ ഫെമിനിസ്റ്റ് ചിന്തകളെ ദീപ്തമാക്കുന്നു.

കുടുംബം എന്ന അടിസ്ഥാന സങ്കൽപ്പത്തിൽ നിന്നുകൊണ്ട് വികസനപ്രക്രിയയിൽ വിസ്മരിക്കപ്പെടുന്ന സ്ത്രീകളെ മാധവിക്കുട്ടി, മീര, സുഹറ എന്നിവർ അവതരിപ്പിക്കുമ്പോൾ, പ്രവാസജീവിതത്തിൽ നഷ്ടമാകുന്ന കുടുംബ - സൗഹൃദബന്ധങ്ങളെ ഗൗതമൻ വിഷയമാക്കുന്നു. കെ. ആർ മീരയുടെ കഥകൾ പാരമ്പര്യത്തിന്റെയും പൈതൃകത്തിന്റെയും സ്ഥാനത്തെക്കുറിച്ച് നടത്തുന്ന അന്വേഷണങ്ങൾ ശ്രദ്ധേയമാണ്. സുഭാഷ് ചന്ദ്രന്റെ 'ജ്ഞാനസ്നാനം' എന്ന കഥ, ദേശീയ രാഷ്ട്രീയ ചിന്തയുടെ നിജരൂപം അവതരിപ്പിക്കുകയും, രാഷ്ട്രീയബോധം ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. നഗരജീവിതത്തിന്റെ തിരക്കുകളിൽ നിന്ന് സ്വന്തം നാടിന്റെ പ്രകൃതിയിലേക്കും ആവാസവ്യവസ്ഥയിലേയ്ക്കും മടങ്ങിയെത്തുന്ന നായകനെ ടി. പത്മനാഭന്റെ 'ഉച്ചാടനം' എന്ന കഥയിൽ കാണാം. കൂടാതെ, ഇ. സന്തോഷ്കുമാർ, ഫ്രാൻസീസ് നൊറോണ തുടങ്ങിയവരുടെ കഥകൾ സമൂഹത്തിന്റെ നേർചിത്രങ്ങൾ വരച്ചിടുന്നു.

ചെറുകഥയുടെ പ്രമേയത്തിലും അവതരണത്തിലും വന്ന നവീകരണത്തെ ചരിത്രം, രാഷ്ട്രീയം, പുരാവൃത്തം, നീതിബോധം, സ്വാതന്ത്ര്യബോധം എന്നീ വൈവിധ്യമാർന്ന മാനദണ്ഡങ്ങളിലൂടെ സമീപിക്കാനാണ് പരിശ്രമിച്ചിട്ടുള്ളത്. ഓരോ കഥയും ഒരു കവചം പോലെ, എഴുത്തുകാരന്റെ ദർശനത്തെയും വായനക്കാരന്റെ ചിന്തകളെയും സംരക്ഷിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഈ പഠനങ്ങൾ വായനക്കാർക്ക് പുതിയ വെളിച്ചങ്ങൾ നൽകുകയും, മലയാള ചെറുകഥാ ലോകത്തെ കൂടുതൽ ആഴത്തിൽ മനസ്സിലാക്കാൻ സഹായകമാവുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. കഥകളെ അവയുടെ ആശയപരിസരത്തിലും സാംസ്കാരിക പശ്ചാത്തലത്തിലും ചരിത്രപരമായ മാറ്റങ്ങളിലും ചേർത്തുനിർത്താനുള്ള ഒരു ശാസ്ത്രീയ സംവാദവേദി ഈ ഗ്രന്ഥം സൃഷ്ടിക്കുന്നു. കഥകളുടെ കവചങ്ങൾ മാറ്റി അതിന്റെ ഉള്ളിലേയ്ക്ക് പ്രകാശം കൊണ്ടുവരുന്ന ഈ ഗ്രന്ഥം സാഹിത്യപഠനത്തിന്റെ പുതിയ വഴികളിലേക്ക് നിങ്ങളെ നയിക്കട്ടെ.

ഈ ഗ്രന്ഥത്തിന് അവതാരിക നല്കുകയും എല്ലായ്പ്പോഴും പ്രചോദനവും പ്രോത്സാഹനവും നൽകുകയും ചെയ്യുന്ന പ്രൊഫ. ഡോ. തോമസ് സ്കറിയ സാറിനോടും, എന്റെ കഥാസഞ്ചാരത്തിന് കരുത്തു പകർന്ന എല്ലാ പ്രിയപ്പെട്ടവർക്കും കൃതജ്ഞതയർപ്പിച്ചുകൊണ്ട് 'കഥയുടെ കവചങ്ങൾ' എന്ന കൃതി മലയാള ചെറുകഥാ സാഹിത്യത്തിനു മുൻപിൽ വിനയത്തോടെ സമർപ്പിക്കുന്നു.

## പ്രസാധക കുറിപ്പ്

സാഹിത്യം കഥപറച്ചിലിന്റെ തലത്തിൽ മാത്രമല്ല, അതിന്റെ ആന്തരിക ഘടനകളും ആശയപരമായ കവചങ്ങളും തുറന്നുകാട്ടുന്ന പഠനങ്ങളിലൂടെയാണ് കൂടുതൽ ആഴത്തിലേക്ക് എത്തുന്നത്. 'കഥയുടെ കവചങ്ങൾ' എന്ന കൃതി, അത്തരം ഒരു ആഴമുള്ള വായനയുടെ ഫലമാണ്. വിവിധ എഴുത്തുകാരുടെ കഥകളെ ആസ്പദമാക്കി നടത്തിയ സമഗ്രമായ പഠനങ്ങളാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ഓരോ കൃതിയുടെയും കഥാതന്തുവിന് അപ്പുറം നിലകൊള്ളുന്ന സാമൂഹിക - സാംസ്കാരിക പശ്ചാത്തലങ്ങൾ, ആശയലോകം, കഥാപാത്ര നിർമാണം, ശൈലി സവിശേഷതകൾ എന്നിവയെ സൂക്ഷ്മമായി വിശകലനം ചെയ്യുന്നതിൽ സിസ്റ്റർ മിനിമോൾ മാത്യു ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇതുവഴി, വായനക്കാരന് കഥകളെ പുതുമയുള്ള കാഴ്ചപ്പാടിലൂടെ സമീപിക്കാനുള്ള അവസരം ഈ പുസ്തകം ഒരുക്കുന്നു.

അധ്യാപകർക്കും ഗവേഷകർക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ ഉപകാരപ്പെടുന്ന വിധത്തിൽ, വ്യക്തവും ലളിതവുമായ ഭാഷയിലാണ് ഈ പഠനങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. സാഹിത്യ പഠനം ഒരു ശാസ്ത്രീയ പ്രക്രിയയാണെന്ന ബോധം നിലനിർത്തിക്കൊണ്ട്, വായനാസുഖവും ചിന്താവ്യാപ്തിയും ഒരുപോലെ നൽകുന്ന കൃതിയായി 'കഥയുടെ കവചങ്ങൾ' മാറുന്നു. മലയാള സാഹിത്യ പഠനരംഗത്ത് ഗൗരവമേറിയ സംഭാവനയായി ഈ ഗ്രന്ഥം വിലയിരുത്തപ്പെടുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. സാഹിത്യത്തെ ആസ്വദിക്കുന്നവർക്കും പഠിക്കുന്നവർക്കും ഒരുപോലെ പ്രയോജനകരമായ ഈ കൃതി വായനക്കാർ ഹൃദയപൂർവ്വം ഏറ്റെടുക്കുമെന്ന പ്രതീക്ഷയോടെയാണ് പ്രസാധകർ ഇത് സമർപ്പിക്കുന്നത്.

– റയാൻ പുഷ്പനാഥ്

## ആമുഖം

മലയാള ചെറുകഥാസാഹിത്യം, കാലത്തിന്റെ മാറ്റങ്ങളും മനുഷ്യാനുഭവങ്ങളുടെ സൂക്ഷ്മ ചലനങ്ങളും ഏറ്റവും തീവ്രമായി അനുഭവിക്കാൻ സാധിക്കുന്ന സാഹിത്യരൂപമാണ്. മനുഷ്യന്റെ ഭാവന, ചരിത്രബോധം, സാമൂഹിക - രാഷ്ട്രീയ സങ്കല്പങ്ങൾ, പ്രകൃതിയോടുള്ള ബന്ധം, പൈതൃകത്തിന്റെയും പാരമ്പര്യത്തിന്റെയും പുനർവായന തുടങ്ങിയ മേഖലകളെല്ലാം ചെറുകഥകളിൽ പ്രതിഫലിക്കുന്നുണ്ട്. വിപുലമായ കഥാലോകത്തെ കണ്ടെത്തുകയും തിരിച്ചറിയുകയും ചെയ്യുന്നത്, മലയാള സാഹിത്യത്തിന്റെ വളർച്ചയെ ഉൾക്കൊള്ളാനുള്ള ഒരു പഥമാണ്.

അത്തരമൊരു ദർശനബോധത്തോടെ രചിക്കപ്പെട്ട പഠനസമാഹാരമാണ് 'കഥയുടെ കവചങ്ങൾ'. മലയാള ചെറുകഥയുടെ വ്യത്യസ്ത വഴിത്തിരിവുകളിലൂടെ സഞ്ചരിക്കുമ്പോൾ കഥയുടെ ആഴവും, കഥാകൃത്തിന്റെ ദർശനവും, ജീവിതസത്യങ്ങളുടെ വൈവിധ്യവും ഏറെ ലളിതമായ ഭാഷയിൽ വ്യാഖ്യാനിക്കുന്നു. ചെറുകഥയെ ഒരു കണ്ണാടിയായി ഉപയോഗിച്ച് സമൂഹത്തിന്റെ മാറ്റങ്ങളെ വിലയിരുത്തുന്ന ഈ പഠനങ്ങൾ, വായനക്കാരനെ വായനയിൽ നിന്ന് സംവാദത്തിലേക്കുയർത്തുന്നതിന് സഹായിക്കുന്നു.

ഈ ഗ്രന്ഥത്തിലെ മുഖമൊഴി, ഒരു സാഹിത്യാന്വേഷകയുടെ വിനയപൂർവമായ വിവരണമായും, ചെറുകഥയോടുള്ള ബന്ധത്തിന്റെ തെളിവായും നിലകൊള്ളുന്നു. കഥകളെ കവചങ്ങൾ പോലെ കാണുകയും കഥയുടെ സംരക്ഷണവ്യവസ്ഥയെയും ദ്വന്ദ്വസ്വഭാവത്തെയും അതീവ സുന്ദരമായി അടയാളപ്പെടുത്തുകയും ചെയ്യുന്നു.

ഗ്രന്ഥത്തിന് അവതാരികയായി പ്രൊഫ. ഡോ. തോമസ് സ്കറിയ എഴുതിയ ലേഖനം ഈ പുസ്തകത്തിന് ശക്തമായ അക്കാദമിക് അടിത്തറ പകരുന്നു. ലോകസാഹിത്യത്തിലെ ചെറുകഥാരൂപത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നിരീക്ഷണവും മലയാള ചെറുകഥയുടെ വളർച്ചയോടുള്ള ബൗദ്ധികബന്ധങ്ങളും ഈ പഠനത്തിന് ഒരു വിപുലമായ പശ്ചാത്തലം ഒരുക്കുന്നു.

അയ്മനം ജോൺ മുതൽ കെ. ആർ മീര വരെ, സാറാ ജോസഫ് മുതൽ ഇ. സന്തോഷ് കുമാർ വരെ, ധന്യാരാജ് മുതൽ ഫ്രാൻസിസ് നൊറോണ വരെ - വിവിധ തലമുറകളിലെ കഥാകൃത്തുകളുടെ ആഴത്തിലുള്ള വിഷയങ്ങൾ ലളിതവും സൂക്ഷ്മവുമായ ഭാഷയിൽ ഈ ഗ്രന്ഥം പഠനവിധേയമാക്കുന്നു. പ്രകൃതി, സ്ത്രീ, രാഷ്ട്രീയബോധം, പൈതൃകം, കുടുംബബന്ധങ്ങൾ, പ്രവാസജീവിതം, നൈതികചോദ്യങ്ങൾ - കഥകൾ കൈകാര്യം ചെയ്യുന്ന ഈ വ്യത്യസ്ത മേഖലകളെ സുതാര്യമായ വിവേചനശേഷിയോടെ വിശകലനം ചെയ്യുന്നു.

'കഥയുടെ കവചങ്ങൾ' എന്ന ഗ്രന്ഥം, മലയാള ചെറുകഥകളുടെ ലോകത്തെ പുതിയ വെളിച്ചത്തിൽ കാണാനാഗ്രഹിക്കുന്നവർക്ക് ഒരു വഴികാട്ടിയാകട്ടെ. കഥകളിലെ ശബ്ദങ്ങളെ കൂടുതൽ ആഴത്തിൽ കേൾക്കാനും കഥയിലെ നിസ്വനങ്ങളെ തിരിച്ചറിയാനും ഈ പുസ്തകം സഹായകമാണ്. അക്കാദമിക് ലോകത്തേയും പൊതുവായ വായനക്കാരനെയും ഒരുപോലെ സ്വാധീനിക്കുന്ന ഈ പഠനം, മലയാള ചെറുകഥയുടെ സമ്പത്തിലേക്ക് നയിക്കുന്ന ഒരു പ്രവേശന കവാടമാകട്ടെ.

# ഉള്ളടക്കം


1. ചരാചരങ്ങളുടെ ലോകം അയ്മനം ജോണിന്റെ കഥകളിൽ ............ 13

2. സ്ത്രീമനസ്സിന്റെ സഞ്ചാരം - ചന്ദ്രമതിക്കഥകളിൽ ........................... 22

3. മച്ചകത്തെ തച്ചൻ - പ്രാദേശികരൂപകങ്ങളുടെ സമൃദ്ധി ................. 28

4. വികസനം വികൃതമാക്കിയ സ്ത്രീ മുഖങ്ങൾ .................................... 34

5. ഗൗതമന്റെ കഥകൾക്ക് ഒരു പ്രവാസപരിപ്രേക്ഷ്യം ......................... 43

6. ചരിത്രത്തിൽ ജ്ഞാനസ്നാനിതനായ ഗാന്ധി .................................. 51

7. ഭൂതകാലത്തിന്റെയും ദേശബോധത്തിന്റെയും ഉച്ചാടനം ................ 59

8. സാമൂഹികയാഥാർത്ഥ്യങ്ങൾ - പുതുകഥകളിൽ (ഇ. സന്തോഷ്കുമാറിന്റെ കഥകളെ ആസ്പദമാക്കിയുള്ള പഠനം) ........................................................................................ 64

9. സാറാ ജോസഫിന്റെ തായ്കുലം : ഒരു ഇക്കോഫെമിനിസ്റ്റ് വായന .................................................................................................... 76

10. സാമൂഹ്യജീവിതപരിണാമം അയ്മനം ജോണിന്റെ കഥകളിൽ .... 81

11. വീണ്ടെടുപ്പിന്റെ രാഷ്ട്രീയം സമകാലിക സ്ത്രീപക്ഷ പാരിസ്ഥിതിക കഥകളിൽ (ധന്യാരാജ്, എസ്. സിതാര എന്നിവരുടെ കഥകളെ ആസ്പദമാക്കിയുള്ള പഠനം) ................. 87

12. നൊറോണക്കഥകളിലെ ബൈബിൾ ഇമേജുകളും മതചിഹ്നങ്ങളും ........................................................................ 100



# കഥയുടെ കവചങ്ങൾ

പ്രൊഫ. ഡോ. സിസ്റ്റർ മിനിമോൾ മാത്യു

ഒരു ജനതയുടെ ജീവിതവീക്ഷണം ഏറ്റവുമധികം പ്രതിഫലിക്കുന്നത് അവരുടെ സാഹിത്യത്തിലാണ്. കാലത്തിന്റെ ഒഴുക്കിൽ മനുഷ്യന്റെ ചിന്തകൾക്കും സാമൂഹിക ഘടനയ്ക്കും സംഭവിക്കുന്ന പരിണാമങ്ങൾ ചെറുകഥാസാഹിത്യത്തിൽ സൂക്ഷ്മമായി രേഖപ്പെടുത്തുന്നു.

മലയാള ചെറുകഥാസാഹിത്യത്തിന്റെ സമൃദ്ധമായ ലോകത്തിലൂടെയുള്ള അന്വേഷണമാണ് 'കഥയുടെ കവചങ്ങൾ'. ചെറുകഥാസാഹിത്യം ആധുനികതയുടെയും ഉത്തരാധുനികതയുടെയും സങ്കീർണ്ണമായ വഴികളിലൂടെ സഞ്ചരിച്ചപ്പോൾ, ജീവിതത്തിന്റെ ആഴമേറിയ യാഥാർത്ഥ്യങ്ങളെയും മനുഷ്യബന്ധങ്ങളുടെ സങ്കീർണ്ണതകളെയും പ്രകൃതിയുടെ നിലവിളികളെയും അത് നെഞ്ചേറ്റി. പന്ത്രണ്ടോളം ശ്രദ്ധേയരായ കഥാകൃത്തുകളുടെ തെരഞ്ഞെടുത്ത കഥകളെയാണ് ഈ പഠനഗ്രന്ഥത്തിൽ വിശകലനം ചെയ്തിരിക്കുന്നത്.

ഒരു പ്രത്യയശാസ്ത്രത്തിന്റെയും കവചത്തിനുള്ളിൽ ഒതുങ്ങി നിൽക്കാത്ത സാഹിത്യരൂപമാണ് ചെറുകഥ. അതുകൊണ്ടുതന്നെ, കേവലം വായനയ്ക്കപ്പുറം കഥകൾ ആവശ്യപ്പെടുന്ന ആഴത്തിലുള്ള സംവാദങ്ങളാണ് ഇവിടെ ലക്ഷ്യമിടുന്നത്. ഓരോ എഴുത്തുകാരനും തന്റെ കാലഘട്ടത്തോടും സമൂഹത്തോടും പ്രകൃതിയോടും നടത്തുന്ന സംഭാഷണങ്ങളെയും, നിലപാടുകളെ രൂപപ്പെടുത്തുന്നതിലെ അവരുടെ വ്യക്തിരിക്തമായ ശൈലിയേയും കണ്ടെത്തുവാനുള്ള ശ്രമം ഇതിലുണ്ട്.

tallmountpublishing.com
tallmountpublishing
tallmountpublishing

Cover Design: Abhishek Subhash

TALL MOUNT PUBLISHING
climbing the peaks of storytelling

Price 199/ -INR

9 788199 141209

STORIES NEVER END